Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 53 | 2018 ഡിസംബർ 23 | 1194 ധനു 08

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

" ഗുരു എന്നത് കാലാന്തരകർമ്മങ്ങളെയും ഓരോ കാലത്തെ കർമ്മത്തിന്റെ പാരമ്പര്യങ്ങളെയും കണ്ടറിഞ്ഞു പ്രവർത്തിക്കുന്ന അവസ്ഥാവിശേഷമാണ്. ഗുരു എന്ന് പറയുന്നത് വന്നിട്ട് ജ്ഞാനം നേടുന്നവനെയല്ല, അനേകകാലമായി ജീവന്റെ പരിണാമവ്യത്തി എന്താണെന്ന് കണ്ടറിഞ്ഞ് പ്രവർത്തിച്ചൊതുക്കുന്നവനാണ് ഗുരു."

# പൂജിതപീഠം സമർപ്പണം 2019

## ശാന്തിമഹിമ-ഗുരുമഹിമ ക്യാമ്പുകൾ ഇന്ന് മുതൽ

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണാഘോഷം 2019 ന്റെ ഭാഗമായി ആശ്രമത്തിലെ യുവജന വിഭാഗങ്ങളായ ശാന്തിഗിരി ശാന്തിമഹിമയും ശാന്തിഗിരി ഗുരുമഹിമയും സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്ന അവധിക്കാല ക്യാമ്പുകൾക്ക് ഇന്ന് മുതൽ തുടക്കമാകും. ശാന്തിമഹിമയുടെ ക്യാമ്പുകൾ 'കാരുണ്യം' എന്ന പേരിലും ഗുരുമഹിമ ക്യാമ്പുകൾ 'പുണ്യവാഹിനി' എന്ന പേരിലുമാണ് നടക്കുന്നത്.

ശാന്തിഗിരി ശാന്തിമഹിമയുടെ തിരുവനന്തപുരം റൂറൽ ഏരിയ ക്യാമ്പ് ഡിസംബർ 25, 26 തീയതികളിൽ ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിൽ നടക്കും. ഐഷ പോറ്റി എം.എൽ.എ. ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ഭാസുര ജ്ഞാനതപസ്വി എന്നിവർ ക്യാമ്പിൽ സംസാരിക്കും. നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം സിറ്റി, ആറ്റിങ്ങൽ, കൊട്ടാരക്കര എന്നിവിടങ്ങളിലുള്ള പ്രവർത്തകരും ക്യാമ്പിൽ പങ്കെടുക്കും. ക്യാമ്പിന്റെ ഭാഗമായി ജഡായു എർത്ത് സെന്റർ സന്ദർശിക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് പോകുന്നതിനായി ഡിസംബർ 24ന് വൈകുന്നേരം 7 മണിക്ക് വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ശാന്തിമഹിമ കണ്ണൂർ ഏരിയയിലെയും ജന്മഗൃഹത്തിലെയും ക്യാമ്പ് ഇന്ന് നടക്കും. തൃശ്ശൂരിൽ നടക്കുന്ന ത്രിദിന ക്യാമ്പിനും ഇന്ന് തുടക്കമാകും.

ശാന്തിഗിരി ഗുരുമഹിമയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം റൂറൽ ഏരിയയിൽ നടക്കുന്ന 'പുണ്യവാഹിനി' അവധിക്കാല ക്യാമ്പ് ഇന്ന് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ നടക്കും. രാവിലെ 9 മണിമുതൽ ആരംഭിക്കുന്ന ക്യാമ്പ് ജനനി നവപ്രിയ ജ്ഞാനതപസ്വിനി ഉദ്ഘാടനം ചെയ്യും. ജനനി രേണുരൂപ ജ്ഞാനതപസ്വിനി അദ്ധ്യക്ഷത വഹിക്കും. തിരുവനന്തപുരം ജില്ലയിലെ വിവിധ ഏരിയയിലുള്ള പ്രവർത്തകരും ക്യാമ്പിൽ പങ്കെടുക്കും. പ്രസംഗമത്സരവും കലാപരിപാടികളും ക്യാമ്പിലുണ്ടായിരിക്കും. ഡിസംബർ 24ന് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ഗുരുമഹിമ ക്യാമ്പുകൾ നടക്കും.

പൂജിതപീഠം സമർപ്പണാഘോഷത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ദുബായിൽ നടന്ന സത്സംഗം ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. ജനുവരി മുതൽ വിവിധ സ്ഥലങ്ങളിൽ ഏരിയ സമ്മേളനങ്ങളും നടക്കും.

# കേരളസർക്കാർ 'സിദ്ധദിനം' ആഘോഷം ഡിസംബർ 26ന്

**തിരുവനന്തപുരം:** ഭാരതീയ ചികിത്സാ സമ്പ്രദായത്തിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന സിദ്ധവൈദ്യത്തിന്റെ പ്രചരണാർത്ഥം കേരള സർക്കാർ ഡിസംബർ 26ന് സിദ്ധദിനം ആഘോഷിക്കും. സിദ്ധദിനാചരണത്തിന്റെ ഉദ്ഘാടനം ഭാരതീയ ചികിത്സാവകുപ്പിന്റേയും നാഷണൽ ആയുഷ് മിഷന്റേയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യ ചേമ്പേഴ്സ് ഓഡിറ്റോറിയത്തിൽ വച്ച് ഉച്ചയ്ക്ക് 12 മണിക്ക് ആരോഗ്യ ആയുഷ് വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ നിർവ്വഹിക്കും. ഇതോടനുബന്ധിച്ച് നടക്കുന്ന മെഡിക്കൽ ക്യാമ്പിന്റേയും എക്സ്പോയുടേയും ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവ്വഹിക്കും. വി.എസ്. ശിവകുമാർ എം.എൽ.എ. അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മഹനീയസാന്നിധ്യമാകും. സി.കെ. ഹരീന്ദ്രൻ എം.എൽ.എ. മുഖ്യാതിഥിയാകും. നാഷണൽ ആയുഷ് മിഷൻ സംസ്ഥാന ഡയറക്ടർ കേശവേന്ദ്രകുമാർ ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തും.

സിദ്ധ മേഖലയിൽ സമഗ്ര സംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തികളെ യോഗത്തിൽ ആദരിക്കും. 'ഔഷധി' ഉത്പാദനം ആരംഭിച്ച സിദ്ധൗഷധങ്ങളുടെ വിതരണോദ്ഘാടനവും നടക്കും. ഓപ്പൺ ഫോറം, സെമിനാർ എന്നിവയും നടക്കും. സിദ്ധദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആരോഗ്യ ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിക്കും.



ഹിന്ദിയിൽ ആദ്യമായി തയ്യാറാക്കിയ ശാന്തിഗിരി കലണ്ടർ 2019 കേന്ദ്രമന്ത്രി മുക്താർ അബ്ബാസ് നഖ്‌വി പ്രകാശനം ചെയ്യുന്നു

# പൊതുജനാരോഗ്യത്തിൽ സിദ്ധയുടെ പ്രാധാന്യമേറുന്നു : ഡെപ്യൂട്ടി സ്പീക്കർ

**തിരുവനന്തപുരം :** പൊതുജനാരോഗ്യത്തിനും രോഗപ്രതിരോധത്തിനും ആയുർവേദത്തോടൊപ്പം സിദ്ധക്കും പ്രാധാന്യമേറുന്നുവെന്ന് ഡെപ്യൂട്ടി സ്പീക്കർ വി.ശശി.ഡിസംബർ 19ന് നിയമസഭ ബാങ്കറ്റ് ഹാളിൽ വച്ച് നടന്ന ശാന്തിഗിരിയുടെ സിദ്ധ ദിനാചരണം പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാരതത്തിന്റെ പാരമ്പര്യമായ അറിവാണ് സിദ്ധ വൈദ്യം. തമിഴ്നാട്ടിൽ മാത്രം പ്രചാരത്തിലുണ്ടായിരുന്ന സിദ്ധ വൈദ്യം ഇന്ന് രാജ്യം മുഴുവൻ വ്യാപിച്ചുകഴിഞ്ഞു. ശാസ്ത്രീയമായ സമീപനങ്ങളിലൂടെ സിദ്ധ വൈദ്യത്തെ പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദവും സ്വീകാര്യവുമായ നിലയിലേക്കെത്തിക്കാൻ സിദ്ധ ഡോക്ടർമാർ ശ്രമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എ.വാസുകിദേവി അധ്യക്ഷത വഹിച്ച ചടങ്ങിൽ ശാന്തിഗിരി ഹെൽത്ത് കെയർ & റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി മഹനീയ സാന്നിദ്ധ്യമായി. സിദ്ധ പ്രാദേശിക ഗവേഷണ സ്ഥാപനം റിസർച്ച് ഓഫീസർ ഡോ.ജി.എസ്.ലേഖ, ശാന്തിഗിരി മാർക്കറ്റിംഗ് വിഭാഗം എ.ജി.എം ഇ.കെ.ഷാജി എന്നിവർ പ്രസംഗിച്ചു.തിരുവനന്തപുരം ഏരിയ എ.ജി.എം എസ്. സേതുനാഥ് സ്വാഗതവും കോളേജ് കൺവീനർ മഹേഷ്. എം കൃതജ്ഞതയും പറഞ്ഞു.

തുടർന്ന് സിദ്ധ ദിനാചരണം പരിപാടികളുടെ ഭാഗമായി നിയമസഭ സാമാജികർക്കും ജീവനക്കാർക്കും വേണ്ടി സൗജന്യ സിദ്ധ മെഡിക്കൽ ക്യാമ്പും അസ്ഥി ബലക്ഷയ പരിശോധന ക്യാമ്പും നടന്നു. ക്യാമ്പിൽ മുന്നൂറോളം പേർ പങ്കെടുത്തു.



നിയമസഭയിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഉദ്ഘാടനം ചെയ്യുന്നു

## ശാന്തിഗിരി വിദ്യാഭവൻ വാർഷികാഘോഷം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന്റെ 40-ാം വാർഷികാഘോഷം 'കലാഞ്ജലി 2018' ഡിസംബർ 24ന് സഹകരണ ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. വിദ്യാഭവന്റെ പുതിയ അക്കാദമിക് ബ്ലോക്കിൽ ആരംഭിക്കുന്ന അടൽ തിങ്കറിംഗ് ലാബ്, റോബോട്ടിക് ലാബ് എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

രാവിലെ 11 മണിക്ക് സ്കൂൾ അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, എം.എൻ.ഡി.സി. മാനേജിംഗ് ഡയറക്ടർ ബൈജേന്ദ്ര കുമാർ ഐ.എ.എസ്., അൽഫാസ് ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിംഗ് ഡയറക്ടർ ഷിബു അബൂബേക്കർ തുടങ്ങിയവർ സംബന്ധിക്കും.

'പ്രകാശത്തിന്റെ കനൽ വഴികൾ' എന്ന സി.ഡി. പ്രകാശനവും നടക്കും. ആയിരത്തിലധികം കുട്ടികൾ അണിനിരക്കുന്ന സംഗീതവിരുന്ന്, കലാപരിപാടികൾ, രക്ഷാകർത്താക്കൾക്കുള്ള കൗൺസിലിംഗ് ക്ലാസ്സ്, ഭക്ഷണമേള, വിവിധ മത്സരങ്ങൾ, സമ്മാനവിതരണം എന്നിവയും വാർഷികാഘോഷത്തോടനുബന്ധിച്ച് നടക്കും.

# ഗുരുവാണി

കർത്തവ്യബോധം വികൃതമാകരുത്. അങ്ങനെയായാൽ സംഭവിക്കുന്നത് അളവില്ലാതെ വന്നു ചേരാവുന്ന അകൃത്യതൃഷ്ണയെക്കുറിച്ച് ഒരളവോളം പോലും ചിന്തിക്കാൻ കഴിയില്ല എന്നതാണ്. ഇന്നത്തെ ഈ പ്രാവർത്തിക സാഹചര്യം ഈ കാലത്തിനു യോജിച്ചതാകാം. അങ്ങനെ ഉണ്ടായില്ലെങ്കിലാണ് തെറ്റ്. കാരണം വളരെക്കാലം നന്മകളുടെ വിളനിലമായിരുന്ന ഈ ഭൂമിയിൽ അകൃത്യതൃഷ്ണയെന്ന ദുഷിപ്പ് സംഭവിച്ചില്ലെങ്കിൽ, ദോഷാംശം കൊണ്ടുള്ള ഗുണവിശേഷങ്ങളെ മാറ്റിയെടുക്കാൻ കഴിയുകയില്ല, മഹാത്മാക്കളുടെ വാക്കുകൾ അതിനെ കണ്ടുകൊണ്ടുള്ളതു തന്നെയായിരിക്കാം. അതിനെ കലി കൊണ്ടുതന്നെ വർണിച്ചിരിക്കുന്നു-കലികാലവർണന ജ്ഞാനദൃഷ്ടി എന്നോ ദർശന ദൃഷ്ടി എന്നോ പേരു കല്പിക്കപ്പെട്ടിരിക്കുന്ന ആ ദീർഘദൃഷ്ടിക്ക് തെറ്റു വന്നുകൂടല്ലോ. മഹാത്മാക്കളുടെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും വിശുദ്ധമായിരിക്കുന്ന സ്ഥാപനങ്ങളും അതുൾക്കൊണ്ടു പ്രവർത്തിക്കുന്ന ജനങ്ങളും എങ്ങനെയായിരിക്കണമെന്ന ജാഗ്രതയില്ലാത്തൊരു പ്രാകൃതവേഷം ലോകത്തെത്തന്നെ കാർന്നു തിന്നില്ലേ എന്ന വ്യസന ദൃഷ്ടി സദാ നിങ്ങൾക്കുണ്ടായിരിക്കണം.

ഇത്തരമൊരു വ്യസന ദൃഷ്ടിക്കു നിദാനങ്ങൾ പലതാണ്. ഭരണകർത്താക്കളുടെ തൃഷ്ണ, ഗൃഹസ്ഥാശ്രമികളുടെ കൃത്യവിലോപം, സംഘടനകളുടെ ദ്വേഷഭരിതമായ വികൃതികൾ, ആദർശപുരുഷന്മാരുടെ പിൻഗാമികളുടെ സഫലമാകാത്ത ത്യാഗതൃഷ്ണ എന്നിവയാണതിൽ പ്രധാനം. ആ ത്യാഗതൃഷ്ണ ഭാരമില്ലാത്ത മാനമായി. ഭാഷയ്ക്കും വേഷത്തിനും മാത്രം പ്രാധാന്യമുള്ള ആസനമായി. ഇതിലെല്ലാം കവർച്ച സ്വഭാവത്തിലൂടെ രാജ്യഭരണം കൈയ്ക്കലാക്കി, രാഷ്ട്രരക്തം ഊറ്റിക്കുടിച്ച് യഥാർത്ഥമായതു മറയ്ക്കത്തക്ക വിധം മതസ്വീകരണവും നിഷേധവും നശീകരണവും ആവിഷ്കരിച്ച് ഇന്ത്യയെ രണ്ടു നൂറ്റാണ്ടിലധികം ഇരുട്ടും വെളിച്ചവും തിരിച്ചറിയാൻ കഴിയാത്തവിധം അപകടപ്പെടുത്തിയ അതേവിധം അപഹരിച്ചു. ഇടയ്ക്കിടയ്ക്കു ചില കൊള്ളിയാൻ മിന്നലുകളും. അവയും പക്ഷേ മിന്നുന്ന വേഷം കൊണ്ടുള്ള പ്രലോഭനങ്ങൾ തന്നെ. ഈ മിന്നുന്നവേഷത്തിന്റെ പ്രേമലാവണ്യത്തിനു കീഴ്പ്പെട്ട് ഇന്ത്യയെന്ന മഹാരാജ്യവും ജനങ്ങളും അമർന്ന് അവശമായിപ്പോയി. കൊള്ളിയാനെപ്പോലെ മിന്നിയ ചതിയുടെ പര്യായമായ വേഷങ്ങളിൽ അമർന്ന് ഞെരിഞ്ഞ് ജീവൻമാത്രം ശേഷിച്ച ചുരുക്കം ചില ശേഷിമാന്മാർ ആഗ്രഹിച്ച സ്വാതന്ത്ര്യം സാക്ഷാത്കരിച്ചെങ്കിലും അത് അബദ്ധമായിപ്പോയോ എന്ന് തോന്നുമാറ് വികൃതങ്ങൾ കവിഞ്ഞൊഴുകുന്നു.

അത്തരം വികൃതികളിൽ ചിലത് സൂചിപ്പിക്കാം. രാജാറാം മോഹൻറോയ് എന്ന ആ നല്ല മനുഷ്യന്റെ ജീവനുള്ള ഉടൽ വിട്ടുപോയതുകൊണ്ടാകാം, വികാരാവേശം മുഴുത്തവർ അദ്ദേഹത്തിന്റെ പ്രതിമയുടെ കണ്ഠം ഛേദിച്ചു. മറ്റൊന്ന്, കേരളത്തിന്റെ വിശുദ്ധപുത്രനായ ഒരാളുടെ പ്രതിമയുടെ നേർക്ക് കടന്നാക്രമണം നടത്തുകയും പ്രസ്ഥാനത്തോട് നിഷേധാത്മകമായി പെരുമാറുകയും ചെയ്തു. കേരള മക്കൾക്കു തന്നെ അതു തോന്നിയെങ്കിൽ അതിനർത്ഥം അവർ ഏതു പ്രേമത്തെ ആഗ്രഹിച്ചുവോ ആ പ്രേമത്തിന്റെ നൂറിരട്ടി പ്രേമം മൂർത്തീഭവിച്ചാണ് ഈ പ്രതിമാരൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതെന്ന് അവർക്ക് മനസ്സിലായില്ല. മനസ്സിലാകാത്തതിനു കാരണം ഭാരതസംസ്കാരം കുഴിച്ചുമൂടപ്പെട്ടുപോയിരിക്കുന്നു. പകരം ആര്യ സംസ്കാരത്തിന്റെ പൂർണമായ പ്രതിമ ഉയർത്തപ്പെട്ടിരിക്കുന്നു. അത് ബുദ്ധികൊണ്ട് മനുഷ്യന്റെ യഥാർത്ഥ സ്വരൂപത്തെ മുറിച്ചുതിന്നത്തക്കവിധം ദ്വേഷവർഗം പൂണ്ടിരിക്കുന്നു. പുണ്യം നഷ്ടപ്പെട്ട ഭരണകൂടം രാജ്യതന്ത്രത്തെയും മനുഷ്യതന്ത്രത്തെയും മറന്ന് പ്രവർത്തിച്ചതിന്റെ ഫലമാണ് മുൻ സൂചിപ്പിച്ച ഒളിമിന്നുംകൊള്ളിയാൻ പ്രകാശം. ആര്യ സംസ്കാരത്തിന്റെയും ഭരണതന്ത്രത്തിന്റെയും ഈ മിന്നലിന്റെ ചൂടിൽ ഭാരതസംസ്കാരം ഭസ്മധൂളിയായിപ്പോയി. അതോടൊപ്പം ഭാരതീയസംസ്കാരത്തിന്റെ പ്രതീകങ്ങളായ ചില മനുഷ്യശേഷികളും എന്നാൽ ആ ഭസ്മക്കൂമ്പാരങ്ങളിൽ നിന്നും പൊന്തി വന്ന് ഭൗതികവും ആത്മീയവും കൂട്ടിയിണക്കി, പുറം ലോകങ്ങളിൽ നിന്നും ആശയങ്ങൾ കടം പറ്റാതെ പ്രസ്ഥാനങ്ങളുണ്ടാക്കിയ ചില മഹാന്മാരും നമുക്കുണ്ട്- ബുദ്ധൻ, ശങ്കരാചാര്യർ, അരവിന്ദൻ, ശ്രീനാരായണ ഗുരു, മഹാത്മാഗാന്ധി. അതോടൊപ്പം പുറം സംസ്കാരങ്ങളിൽ കിടന്ന് പഴകി ബാധിച്ച് രക്തവും മജ്ജയും മാംസവും അതിൽ അലിയിച്ചുചേർത്ത് അതിൽനിന്നും കടിവിട്ടുപോരാൻ കൂട്ടാക്കാത്ത ഒരു പക്ഷേ ആഗ്രഹിച്ചാലും കഴിയാത്ത ചില ഭരണകർത്താക്കളും സംഘ ടനകളും ആ പ്രസ്ഥാനങ്ങളെയും ദുഷിപ്പിച്ചു കഴിഞ്ഞു. ഒരു കാര്യം വ്യക്തമായി സൂചിപ്പിക്കട്ടെ. ഇത്തരം മനുഷ്യശേഷികളെ വീണ്ടും കണ്ടെത്താൻ മനുഷ്യസ്നേഹികളായ ദീർഘദർശികളിലൂടെ മാത്രമേ കഴിയൂ. അതു നൊന്തുതന്നെ അറിയണം. നൊന്തറിയാത്തതിനൊന്നും സ്നേഹ മുണ്ടായിരിക്കുകയില്ല.

## വചനദീപ്തി

*ആരാണ് ഗുരു? അദ്ദേഹം ഈശ്വരൻ അല്ലെങ്കിൽ ആത്മാവാണ്. ഈശ്വരൻ ഗുരുവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് മനുഷ്യന് വഴി കാണിച്ചു കൊടുക്കും.*

**-ശ്രീരമണ മഹർഷി-**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

04.01.2019 ജ്യോതിപുരം, 05.01.2019 കരുണപുരം

## യാമപ്രാർത്ഥന

2018 ഡിസംബർ 27, വ്യാഴം 03.00 am – 06.00 am

## പ്രകാശപഥം

# ജീവന്റെ പരിണാമസിദ്ധാന്തം

ഓരോ കാര്യങ്ങൾ നമ്മൾ ചെയ്തെടുക്കുമ്പോഴും ഓരോ പ്രാർത്ഥന നടക്കുമ്പോഴും ഇവിടത്തെ ഓരോ കാര്യങ്ങൾ പറഞ്ഞുകിട്ടുന്നതിനനുസരിച്ച് നമ്മൾ ചെയ്യുമ്പോഴും ആ പ്രകാശത്തിൽ നിന്നു കിട്ടുന്ന ഓരോ സങ്കല്പങ്ങളുണ്ട്. ആ സങ്കല്പങ്ങൾ എങ്ങനെയാണ് നമ്മുടെ മനസുകൊണ്ട് അതിന്റെ ഫലപ്രാപ്തിയിലേക്കെത്തിക്കുന്നതെന്ന് ആ സങ്കല്പം ഗുരു കാണിച്ചുതരുന്നതും പറഞ്ഞുതരുന്നതുമായ കാര്യത്തിൽ നമ്മുടെ കർമ്മം നമ്മൾ ചെയ്തൊതുക്കുന്നതെങ്ങനെയാണെന്ന് നമ്മൾ മനസിലാക്കണം. കാരണം നമ്മൾ വിചാരിക്കും ഒരു ജന്മദിനത്തിന്റെ ഭാഗം നമ്മൾ ചെയ്തു പൂർത്തീകരിച്ചു. ആ പൂർത്തീകരണം എന്നു പറയുന്ന ഭാഗത്ത് അനവധി അവസ്ഥാന്തരങ്ങളുടെ ഒരു കാര്യം നമ്മൾ മനസുകൊണ്ട് ചിന്തിക്കുമ്പോൾ പോലും കിട്ടാത്ത ഒരു ഭാഗം അതിനകത്തുണ്ട്. അതാണ് അനുഭവം കൊണ്ട് തെളിയുന്ന ഭാഗം. അതാണ് “ത്രിപുടി മുടിഞ്ഞു തെളിഞ്ഞീടുന്ന ദീപം കപടയതിക്കു കരസ്ഥമാവുകീലാ” എന്നു പറയുന്ന ഭാഗം ഈ കപടയതി ആരാണെന്നും അതെന്താണെന്നും അറിയുന്ന ഒരു വശവും മറ്റൊന്ന് യഥാർത്ഥ യതിയെ നാം കണ്ടുപിടിക്കുന്നതും, അത് അനുഭവിച്ചറിഞ്ഞിട്ട് അതിന്റെ അവസ്ഥാന്തരങ്ങളിലേക്ക് പോകുന്ന ഭാഗങ്ങളാണ് പിന്നെയുള്ളത്. അത് അനുഭൂതിയാണ്. ആ അനുഭവം എങ്ങനെ നമ്മൾ കൊണ്ടു നടക്കും? നമ്മുടെ ആശ്രമത്തിന്റെ ലക്ഷ്യവും പ്രാപ്തിയും അനുഭവമാണ്.

ആ അനുഭവം എങ്ങനെ നമ്മൾ കൊണ്ടുനടക്കണം? അത് ഇപ്പോൾ രണ്ടുമൂന്നു ദിവസമല്ല ഇതിനുവേണ്ടി നിങ്ങൾ അനവധി പേർ അനവധി രീതിയിൽ ശാരീരികമായിട്ടും മാനസികമായിട്ടും ഉത്സാഹിച്ചും ഉത്സാഹമില്ലാതെയും അവരവരുടെ മനസിന്റെ വലുപ്പച്ചെറുപ്പത്തിലും അവരവരറിയുന്ന സ്വഭാവത്തിലും ചെയ്തെടുത്ത രംഗത്തെക്കുറിച്ച് ചിന്തിക്കണം. അങ്ങനെ ചെയ്യുമ്പോൾ ഒരുത്തന് വേറൊരു ഭാവന ആയിരിക്കും. മറ്റൊരുത്തന് അതിനേക്കാൾ കുറച്ചുകൂടി മേന്മപ്പെടുന്ന ഭാവന ആയിരിക്കാം. ഗുരുവുമായിട്ടുള്ള ബന്ധത്തെക്കുറിച്ചുള്ള അല്ലെങ്കിൽ അവന്റെ ജീവന് പരിണാമസിദ്ധാന്തത്തിൽ വന്ന നല്ലതും ചീത്തയുമായി ഒതുങ്ങി നിൽക്കുന്ന കർമത്തിന്റെ ബാക്കിയായിരിക്കാം അവന്റെ ഓർമയിലേക്ക് ഗുരുവിനെ എത്തിക്കുന്നത്. ആ ഓർമ നമുക്ക് എങ്ങനെയാണ്?ഓർമിക്കാതിരിക്കുമ്പോൾ വരുന്ന ഭാവനയെങ്ങനെയാണ്? അങ്ങനെ നമ്മൾ ആ ഭാഗങ്ങളെക്കുറിച്ച് ചിന്തിച്ചിട്ട്... ഒരു നല്ല വഴിക്കു സഞ്ചരിക്കാൻ എനിക്കെങ്ങനെ കഴിയും? ഞാൻ എന്തുപോലെ ജീവിക്കണം? ഞാനെന്തായിരിക്കണം എന്നുള്ളതാണ്.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** -അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ബന്ധുക്കളല്ലയോ ശത്രുക്കളായ് വരും

രാമായണത്തിൽ ഒരുഭാഗത്ത് ഇങ്ങനെ പറയുന്നു:

‘ശത്രുക്കളല്ല ശത്രുക്കളായ്വരും
മിത്രഭാവേന സമീപത്തിൽ വർത്തിക്കും
ബന്ധുക്കളല്ലയോ ശത്രുക്കളായ് വരും’.

കൈകേയിയുടെ ഉള്ളിൽ രാമനോട് വിദ്വേഷവിഷം നിറച്ച് കാട്ടിൽ പറഞ്ഞയയ്ക്കാൻ തക്ക വക്രബുദ്ധി ഉപദേശം ചെയ്യാൻ പൈശാചികത്തിന് ഉപാധിയായി ഒരു മന്ഥര അന്നുണ്ടായിരുന്നു. ഈ ഒരു കർമംകൊണ്ടു തന്നെ ലക്ഷക്കണക്കിന് വർഷം കഴിഞ്ഞിട്ടും അവരുടെ കുപ്രസിദ്ധി ഇന്നും നിലനിൽക്കുന്നു. എത്ര ന്യായീകരണങ്ങൾ കണ്ടെത്താൻ ശ്രമിച്ചാലും, എത്ര കാലം കഴിഞ്ഞാലും ചതിയും വഞ്ചനയും അതിന്റെ പൂർണരൂപത്തിൽത്തന്നെ ലോകം മനസ്സിലാക്കും. അസത്യപ്രസ്താവനയിൽ ഏറ്റവും ഹീനമായിട്ടുള്ളതാണ് കള്ളസാക്ഷിപറയുന്നത്. സമകാലീന ലോകത്ത് ഇത് ലാഘവബുദ്ധിയോടെ ചെയ്യുന്ന ഒരു കർമ്മമാണെങ്കിലും നാം വിശ്വസിക്കുന്ന ദൈവനീതിക്കു മുമ്പിൽ ഇത്തരം കർമങ്ങൾ ചെയ്യുന്നവർക്ക് എന്തു ന്യായം പറഞ്ഞു രക്ഷപ്പെടാൻ സാധിക്കും?

കള്ളസാക്ഷി പറയുന്നവരുടെ വീട് എങ്ങനെയായിപ്പോകും എന്ന് ജ്ഞാനകവി ഔവയാർ പറയുന്നതിങ്ങനെയാണ്:

‘വേതാളം ഏറുമേ /വെള്ളെരുക്കു പൂക്കുമേ
പാതാളമൂലി പടരുമേ /മൂതേവിയിൻ കുടി
യേറ്റത്തിനാൽ’.

മൂതേവി ആ വീട്ടിൽ കുടിയേറുക മൂലം അവിടെ വേതാളം വാസമുറപ്പിക്കും, വെള്ളെരുക്കു ചെടി വളർന്നുപൊങ്ങി പൂക്കും വീട്ടിനകത്ത്, കാട്ടുവള്ളികൾ പടർന്നുകയറി ആ വീട് മൂടും. അത്ര ദയനീയാവസ്ഥയിൽ ആയിപ്പോകും കള്ളസാക്ഷി പറയുന്നവരുടെ വീട് എന്ന് ഔവയാർ എക്കാലത്തേക്കും വേണ്ടി മനുഷ്യർക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

ഗുരുവിനെ തള്ളിപ്പറഞ്ഞ രണ്ടു ശിഷ്യന്മാരുടെ ചരിത്രം ബൈബിളിലുണ്ട്. ജൂഡാസും പത്രോസുമാണവർ. ഭക്തിക്കുമുകളിൽ ബുദ്ധി പ്രവർത്തിച്ച് അപകടത്തിലായതാണ് ജൂഡാസിന്റെ ഗതികേട്. തന്റെ ഗുരുവിന്റെ അമാനുഷിക കഴിവുകൾ കണ്ടറിഞ്ഞവനാണ് അയാൾ. മുപ്പതു വെള്ളിക്കാശ് തനിക്കു കിട്ടും, തന്റെ ഗുരുവിനെ സീസറിന്റെ പട്ടാളത്തിനോ മറ്റാർക്കുമോ ഒന്നും ചെയ്യാൻ സാധിക്കുകയുമില്ല എന്ന തന്റെ ബുദ്ധിയുടെ ഉപദേശം സ്വീകരിച്ചു ജൂഡാസ്. എന്നാൽ വിധിവിഹിതം സ്വയം ഏറ്റെടുത്ത് കുരുശിൽ കയറിയ ഗുരുവിന്റെ അവസ്ഥ അറിഞ്ഞപ്പോൾ ഗുരുവിനെ എക്കാലവും സ്നേഹിച്ചിരുന്ന ജൂഡാസിന് സഹിക്കാൻ കഴിഞ്ഞില്ല. ചതിയുടെ പ്രതിഫലമായ ധനം ആരും സ്വീകരിക്കാതെകൂടി വന്നപ്പോൾ അയാൾ തളർന്നു. തൂങ്ങിമരണമെന്ന ദയനീയ അന്ത്യത്തിൽ കലാശിച്ചു, ആ മനുഷ്യജീവിതം. അത് പിശാചിന്റെ വിജയമായിരുന്നു. ഗുരുവിന്റെ പരാജയമായിരുന്നില്ല. കാരണം തക്കസമയത്ത് ശിഷ്യർക്ക് വേണ്ട അപകടസൂചനകൾ നൽകിയിട്ടും ഓരോരുത്തരും “ഞാനോ, ഞാനോ” എന്ന് പറഞ്ഞ് ആത്മവഞ്ചന ചെയ്തതല്ലാതെ ആത്മപരിശോധന ചെയ്ത് രക്ഷപ്പെടാൻ ശ്രമിച്ചില്ല. പ്രാർത്ഥിച്ച് അപകടനാഴിക നീക്കിവിടാൻ ഗുരു കൽപിച്ചപ്പോൾ അങ്ങനെ ചെയ്തില്ലെന്നു മാത്രമല്ല പിശാചു കൊടുത്ത ബുദ്ധിയിൽ പ്രവർത്തിച്ച് സ്വയം വിനാശത്തിന് അടിമപ്പെടുകയാണ് ചെയ്തത്, ശിഷ്യർ എന്നഭിമാനിക്കുന്നവർ.

തങ്ങളുടെ നിഗമനങ്ങൾക്കും വാദമുഖങ്ങൾക്കും യുക്തിയിൽ ന്യായീകരണവും വിശദീകരണവും കണ്ടെത്തി സമർഥിക്കുന്ന സമകാലീനരുടെ മുമ്പിൽ വിനയപൂർവം ഒന്നുമാത്രമേ പറയുവാനുള്ളു. നിങ്ങൾ ഊഹിച്ചു പറയുകയും അനുമാനങ്ങളെ പിൻതുടരുകയുമാണ്. ഞങ്ങളോ സത്യമായ ഒന്നിനെ മുൻനിർത്തി പ്രവർത്തിക്കുന്നു. അസത്യത്തിന് പല മുഖങ്ങളുണ്ട്. എന്നാൽ സത്യത്തിന് ഒരു മുഖമേയുള്ളൂ. ബറാബാസിനു വേണ്ടി വാദിച്ച ക്രിസ്തുവിന്റെ സമകാലീനരെപ്പോലെ നീതിമാന്റെ രക്തത്തിനുവേണ്ടി ദാഹിക്കുന്നവർ എക്കാലവുമുണ്ട്. അവർ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നു.

ഒന്നിനെയും സൂക്ഷിച്ചില്ലെങ്കിലും നാക്കിനെ സൂക്ഷിച്ചുകൊൾക. കാരണം അസത്യമായി പറഞ്ഞുകൂട്ടുന്ന വാക്കിന്റെ ഒഴുക്കിൽ ശോകസാഗരത്തിൽ പതിച്ചുപോകും നിങ്ങൾ. വ്യക്തിയുടെ നാവും സമൂഹത്തിന്റെ നാവും ഈ ദൈവനിയമത്തിന് ബാധകമാണ്. പ്രാർത്ഥനാനിർഭരമായി ശാന്തിഗിരി പ്രയാണം തുടരുന്നു.

# ദ്വിഗ്‌വിജയം സതീശൻ അനുസ്മരണം നടന്നു

**റിസർച്ച് സോൺ :** ആശ്രമത്തിലെ വിവിധ കർമ്മ മേഖലകളിൽ സജീവ സാന്നിധ്യമായിരുന്ന ദ്വിഗ്‌വിജയം സതീശനെ (സതീശൻ കെ.ആർ) ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ അനുസ്മരിച്ചു. ഡിസംബർ 20 ന് കലാരംഗത്തിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യ പ്രഭാഷണം നടത്തി. വേദനകൾ ഉള്ളിലൊതുക്കി മറ്റുള്ളവരെ ചിരിപ്പിച്ച വ്യക്തിയായിരുന്നു ദ്വിഗ്‌വിജയം സതീശനെന്ന് സ്വാമി അനുസ്മരിച്ചു. വേട്ടയാടലുകളുടെ വേദന എന്താണെന്നറിഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം. പർണശാലാ സമർപ്പണത്തോടനുബന്ധിച്ച് കലാപരിപാടികൾ സംഘടിപ്പിച്ചപ്പോഴും ശാന്തിഗിരി ഫെസ്റ്റ് നടന്നപ്പോഴുമൊക്കെ കലാപ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം വഹിച്ചിരുന്നു. മറ്റുള്ളവരുടെ വിഷമതകൾ മനസ്സിലാക്കി ഉടനടി പരിഹാരനടപടികൾ സ്വീകരിക്കുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം.

1984 കാലഘട്ടത്തിൽ ആശ്രമത്തിലെത്തിയ അദ്ദേഹം അന്നുമുതൽ വിവിധ പ്രവർത്തന രംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. കലാരംഗത്തിന്റേതായി അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് സ്വാമി ആവശ്യപ്പെട്ടു. ചടങ്ങിൽ സംസാരിച്ച സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി തന്നോടൊപ്പം നിഴൽ പോലെ സഞ്ചരിച്ച വ്യക്തിയായിരുന്നു ദ്വിഗ്‌വിജയം സതീശനെന്ന് അഭിപ്രായപ്പെട്ടു. ഡോ. ടി.എസ് സോമനാഥൻ, കാഥികൻ വെണ്മണി രാജു, കവികളായ അജിത് ചേങ്കോട്ടുകോണം, ജയൻ പോത്തൻകോട് എന്നിവർ യോഗത്തിൽ സംസാരിച്ചു. ജ്യോതി ഉദയഭാനു സ്വാഗതവും എം.പി പ്രമോദ് കൃതജ്ഞതയും രേഖപ്പെടുത്തി.



*ദ്വിഗ്‌വിജയം സതീശൻ അനുസ്മരണചടങ്ങിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പ്രഭാഷണം നടത്തുന്നു*

## ദിവംഗതനായി

**പാലോട്ടുകോണം:** ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം ഗവേണിംഗ് കമ്മിറ്റി കൺവീനറും നാടകം, കവിത, നാടൻപാട്ട് തുടങ്ങി വിവിധ കലാരൂപങ്ങളിലൂടെ പ്രശസ്തനുമായ പാലോട്ടുകോണം ഗുരുവന്ദനത്തിൽ ദ്വിഗ്‌വിജയം സതീശൻ എന്നറിയപ്പെട്ടിരുന്ന സതീശൻ കെ.ആർ. (64) ഡിസംബർ 17ന് ദിവംഗതനായി. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് റിട്ട. ഉദ്യോഗസ്ഥനാണ്. സംസ്കാരം നടന്നു. ഭാര്യ ലില്ലി പി. (ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി ആശ്രമം) മക്കൾ: ധർമ്മാനന്ദൻ എസ്. എൽ. (ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്), കുലശുദ്ധി എസ്. എൽ., സമ്പന്നൻ എസ്.എൽ.



*സതീശൻ കെ.ആർ*






## എസ്.ഐ.റ്റി.ഡി. പരിശീലനക്ലാസുകൾ ശ്രദ്ധേയമാകുന്നു

**സ്പിരിചൽ സോൺ :** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവലപ്പ്മെന്റ് (എസ്.ഐ.റ്റി.ഡി) സീനിയർ മാനേജുമെന്റ് തലങ്ങളിലുള്ള ഭരണസാരഥികൾക്കു വേണ്ടി ഡിസംബർ 10,11 തീയതികളിൽ നടത്തിയ നേതൃത്വ പരിശീലന പരിപാടി ശ്രദ്ധേയമായി. പദവിയിൽ ഒന്നാം സ്ഥാനമോ വലിപ്പമോ ഇല്ലാതെ ഒരാൾക്കു ലീഡർ ആകാൻ കഴിയുമോ? സ്ഥാനപ്പേരില്ലാതെ നേതൃത്വപാടവം വളർത്തേണ്ടതെങ്ങനെ? സ്വന്തം നേതൃത്വശൈലി ഏത്? തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം പകരുന്നതായിരുന്നു പരിശീലന പരിപാടി.

ഡിസംബർ 14-ാം തീയതി മാനസിക സംഘർഷം നിവാരണം ചെയ്യുന്നതിനുള്ള ബോധവൽക്കരണ പരിപാടിയും ഇവർക്കായി നടത്തി. മാനസിക പിരിമുറുക്കമനുസരിച്ച് രണ്ടായിതരം തിരിച്ചിട്ടുള്ള വ്യക്തിത്വങ്ങളിൽ ഓരോരുത്തരും ഏതു വിഭാഗത്തിൽ നിൽക്കുന്നുവെന്ന് സ്വയം പരിശോധിച്ചറിയാനുള്ള എക്സർസൈസും ട്രെയിനിംഗിന്റെ ഭാഗമായിരുന്നു. പങ്കെടുത്തവരെല്ലാവരും ഏറെ വിജ്ഞാനപ്രദവും പ്രായോഗികവുമെന്ന് ട്രെയിനിംഗിനെ വിശേഷിപ്പിച്ചു.

ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് സീനിയർ ജനറൽ മാനേജർ ഡോ.കെ.ആർ എസ് നായർ ആണ് ക്ലാസ്സുകൾ നടത്തിയത്.

പാലക്കാട് ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി ജീവനക്കാർക്കുവേണ്ടി പുതുവർഷാരംഭത്തിൽ സേവനരംഗത്തെ ഗുണനിലവാരം, മാനവശേഷി പരിപാലനം എന്നീ വിഷയങ്ങളിൽ ഏകദിന പരിശീലനം നടക്കും. എൻ.എ.ബി.എച്ച് ന്റെ യോഗ്യതാ സർട്ടിഫിക്കേഷൻ ഏറ്റുവാങ്ങുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടാണ് ആശുപത്രിയിലെ കർമ്മചാരികൾക്കെല്ലാം പല ബാച്ചുകളിലായി ഈ ട്രെയിനിംഗ് നൽകുന്നത്. എസ്.ഐ.റ്റി.ഡി ഫാക്കൽറ്റി ഡോ.കെ.ആർ.എസ്.നായർ രൂപകല്പന ചെയ്തു നിർവ്വഹിക്കുന്ന ഈ പരിപാടി ജനുവരി 8ന് തുടങ്ങും.



*ശാന്തിഗിരി പബ്ലിക്കേഷൻസിന്റെ കാരുണ്യത്തിന്റെ നിറവ് പുസ്തകം എസ് സന്തോഷ് കുമാർ മന്ത്രി ഇ.പി ജയരാജന് കൈമാറുന്നു*

## ഷാർജ കേരള എക്സ്പോയിൽ ശാന്തിഗിരിയും

**ഷാർജ:** ലോകം അഭിമുഖീകരിക്കുന്ന വിവിധതരം രോഗങ്ങളെക്കുറിച്ചുള്ള അറിവുകൾ പകർന്നും ആശയങ്ങൾ പങ്കുവച്ചും നടത്തിയ ഷാർജയിലെ കേരള ഹെൽത്ത് എക്സ്പോയിൽ ശാന്തിഗിരി ആശ്രമവും പങ്കെടുത്തു. ഡിസംബർ 14,15 തീയതികളിൽ നടന്ന എക്സ്പോയിൽ ആശ്രമം മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ് ഇൻചാർജ് ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ഇന്റർനാഷണൽ ഓപ്പറേഷൻസ് സീനിയർ മാനേജർ ധീരജ് കെ. എം. എന്നിവർ സംബന്ധിച്ചു. ആരോഗ്യമേഖലയിലെ ശാന്തിഗിരിയുടെ വിവിധ സംഭാവനകൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള പവലിയനും ഒരുക്കിയിരുന്നു.

കേരളത്തിൽ നിന്നുള്ള പ്രമുഖ ഡോക്ടർമാർ എക്സ്പോയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി.




*കേരള ഹെൽത്ത് എക്സ്പോയിൽ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ഉപഹാരം ഏറ്റുവാങ്ങുന്നു*



*പൂജ സുഭാഷ്*



*സൗപർണിക*



*ആർഷ റെയ്ച്ചൽ ബിനു*



*ഹിബ ഫാത്തിമ*

## ജില്ലാ സഹോദയ സാഹിത്യ മൽസര വിജയികൾ

**എജ്യൂക്കേഷൻ സോൺ :** ഡിസംബർ 8ന് മതർ ഇന്ത്യാ സ്കൂളിൽ സംഘടിപ്പിച്ച ജില്ലാ സഹോദയ ഇന്റർ സ്കൂൾ സാഹിത്യ രചനാമൽസരത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് അഭിമാനനേട്ടം. ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയായ പൂജ സുഭാഷ് മലയാളം കഥാരചനയ്ക്ക് ഒന്നാം സ്ഥാനം നേടി. ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനികളായ സൗപർണിക എച്ച്.എസ് (മലയാളം ഉപന്യാസ രചന), ആർഷ റേച്ചൽ ബിനു (ഇംഗ്ലീഷ് ഉപന്യാസ രചന), ഹിബ ഫാത്തിമ (ഇംഗ്ലീഷ് പദ്യരചന) എന്നിവർ മൂന്നാം സ്ഥാനം നേടി.

# 'ശാന്തി' മൂല്യ നൈപുണ്യവികസന പദ്ധതി ജനുവരി 6ന് ആരംഭിക്കും

**എജ്യൂക്കേഷൻ സോൺ:** കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തുകയും അവയെ പരിപോഷിപ്പിക്കുകയും ഗുരു വിഭാവനം ചെയ്യുന്ന ഒരു ജീവിതക്രമത്തിന് വേണ്ടുന്ന തരത്തിൽ അവരെ കൈപിടിച്ച് നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം 2019 ജനുവരി 6 മുതൽ 'ശാന്തി' മൂല്യ നൈപുണ്യവികസന പദ്ധതി ആരംഭിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പഠനശിബിരം എല്ലാ ശനിയാഴ്ചയും രാവിലെ 9 മണി മുതൽ 1 മണി വരെ നടക്കുന്നതാണ്.

ഏത് സമൂഹത്തിന്റെയും ഭാവിയെ ഭാസുരമാക്കുന്നത് തെളിഞ്ഞ ചിന്തയും ഉയർന്ന ജീവിതമൂല്യങ്ങളും സൂക്ഷിക്കുന്ന ക്രിയാത്മകമായ പ്രവർത്തനശേഷിയുള്ള ഒരു യുവതലമുറയാണ്. അവരാണ് ആ സമൂഹത്തിന്റെ ഭാവിസമ്പത്ത്. ബൗദ്ധികവും മാനസികവും വൈകാരികവും സർഗ്ഗപരവുമായ എല്ലാ കർമ്മശേഷികളെയും വളർത്തുന്നതിനോടൊപ്പം ആശയപരമായ ഉറപ്പും ആത്മീയപരമായ അറിവും കൂട്ടിച്ചേർക്കപ്പെടുമ്പോൾ ശോഭനമായ ഒരു ഭാവിതലമുറയെ പ്രതീക്ഷിക്കാം.

പിറന്നുവീഴുന്ന ഓരോ കുട്ടിയിലുമുള്ള ജന്മവാസനകളെ വ്യക്തിയുടെ നന്മയേയും സാമൂഹിക നന്മയേയും മുൻനിർത്തി വികസിപ്പിച്ചെടുത്തെങ്കിൽ മാത്രമേ ഈ ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ സാധിക്കുകയുള്ളൂ.

സൈനാപ്സ് മെന്ററിംഗ് ആന്റ് ട്രെയിനിംഗ് സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി സഹകരിച്ചാണ് ശാന്തി മൂല്യ നൈപുണ്യവികസന പദ്ധതി നടപ്പിലാക്കുന്നത്. പ്രശസ്ത ട്രെയിനറായ ബ്രഹ്മനായകം മഹാദേവൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. 1 മുതൽ 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ക്ലാസ്സിൽ പങ്കെടുക്കാവുന്നതാണ്.

രജിസ്ട്രേഷൻ ഫീസ് 200 രൂപ. കോഴ്സ് ഫീസ് ഒരു മാസത്തേക്ക് 200 രൂപ. ശാന്തിഗിരി ഗുരുകാന്തി സ്ഥിരം പഠിതാക്കൾ നിലവിലെ ഫീസ് നൽകിയാൽ മതിയാകും.

വിവരങ്ങൾക്ക് ബന്ധപ്പെടുക:8156871459



പുതിയ യൂണിയൻ ഭാരവാഹികൾ

# ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന് പുതിയ യൂണിയൻ ഭാരവാഹികൾ

**ഹെൽത്ത്കെയർസോൺ** :ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ പുതിയ കോളേജ് യൂണിയൻ ഭാരവാഹികളെ തെരഞ്ഞെടുത്തു. പതിമൂന്നാം ബാച്ച് വിദ്യാർത്ഥിനി ആര്യ ദാമുവിനെ എതിരില്ലാതെ ചെയർപേഴ്സണായി തെരഞ്ഞെടുത്തു. വൈസ് ചെയർപേഴ്സൺമാരായി പതിനാലാം ബാച്ചിലെ നരൈൻശ്രീ, നന്ദിനി. എസ്. എസ് എന്നിവരും ജനറൽ സെക്രട്ടറിയായി മിഥുന മുരളി, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായി ഗോഡ്വിൻ. പി. ജോസ്, ആർട്സ് സെക്രട്ടറിയായി ശ്രീലക്ഷ്മി. ആർ, മാഗസിൻ എഡിറ്ററായി അജയ്.എ, സ്പോർസ് സെക്രട്ടറിയായി അർജുൻ.സി.ജെ എന്നിവരും വിജയിച്ചു. കേരള ആരോഗ്യ സർവകലാശാലയുടെ നിർദേശ പ്രകാരം തികച്ചും ജനാധിപത്യ രീതിയിലാണ് തെരഞ്ഞെടുപ്പ് നടന്നതെന്ന് തെരഞ്ഞെടുപ്പുദ്യോഗസ്ഥന്റെ ചുമതല വഹിച്ച അസോസിയേറ്റ് പ്രൊഫസർ എൻ. ഷീജ പറഞ്ഞു.



അഭിവന്ദ്യ ശിഷ്യപൂജിത ഡിസംബർ 20ന് ഓങ്കാരം സ്ഥാപിച്ച ജ്യോതിപുരം യൂണിറ്റിലെ പി.രഘു-ഷീബ ദമ്പതിമാരുടെ 'പുഷ്പം' ഭവനം



ജനസേവികപുരത്തു നടന്ന റോഡ് നവീകരണം



## പുരസ്ക്കാരനിറവിൽ പി.എസ്. പുഷ്പരാജ്

**കോഴിക്കോട്:** ആതുരസേവനരംഗത്ത് അരനൂറ്റാണ്ട് പിന്നിടുന്ന ആത്മബന്ധു പി.എസ്. പുഷ്പരാജിന് വിവിധ സന്നദ്ധ സംഘടനകളുടെ ആരോഗ്യ സംരക്ഷണമേഖലയിലെ സംഭാവനകൾ മുൻനിർത്തിയാണ് പുരസ്കാരങ്ങൾ ലഭിച്ചത്. കേരള ഗവൺമെന്റിന്റേതുൾപ്പെടെ 31 പുരസ്കാരങ്ങൾ ഇതിനകം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പയ്യാനിക്കൽ മെഡിക്കൽസ് എന്ന പേരിൽ 48 വർഷമായി മെഡിക്കൽ സ്റ്റോർ നടത്തുന്ന പി.എസ്. പുഷ്പരാജ് രോഗികൾക്ക് ആവശ്യമെങ്കിൽ വീടുകൾ സന്ദർശിച്ച് മരുന്നുവിതരണം നടത്താറുണ്ട്.



ഹൈദരാബാദിൽ നിന്നുള്ള ആദ്യ പൗർണമി യാത്രാസംഘം ആശ്രമത്തിൽ എത്തിയപ്പോൾ

# പരിശുദ്ധമായ ഹോംമെയ്ഡ് കേക്കുകൾ വിപണിയിൽ

**ശാന്തിഗിരി ജംഗ്ഷൻ:** ഗൃഹാന്തരീക്ഷത്തിൽ ആകർഷകമായ കേക്കുകൾ ഒരുക്കി ഉപഭോക്താക്കളുടെ മുക്തകണ്ഠം പ്രശംസ പിടിച്ചുപറ്റി ശാന്തിഗിരി ജംഗ്ഷനിലെ ഗായത്രി ദേവദത്തൻ. പരമ്പരാഗതമായി ലഭിച്ച അറിവിനൊപ്പം ആധുനിക രീതിയിലുള്ള നിർമ്മാണ വൈദഗ്ദ്ധ്യവും ഒത്തുചേർത്താണ് ഗായത്രി കേക്കുകൾ ഒരുക്കുന്നത്. 'എഗ്ഗ്ലെസ് കേക്കുകൾ' ഇവിടുത്തെ സവിശേഷതയാണ്. യാതൊരുവിധ പ്രിസർവേറ്റീവ്സോ രാസവസ്തുക്കളോ ചേർക്കാതെയാണ് കേക്കുകൾ നിർമ്മിക്കുന്നത്. വീറ്റ് കേക്ക്, കപ്പ് കേക്ക് എന്നിവയ്ക്ക് പുറമേ ഫ്രെഷ് ക്രീം കേക്കുകളായ ബ്ലാക്ക് ഫോറസ്റ്റ്, വൈറ്റ് ഫോറസ്റ്റ്, വാൻചൊ കേക്ക്, റെഡ് വെൽവെറ്റ്, കാരറ്റ് കേക്ക്, ഡേറ്റ്സ് കേക്ക്, ബാർബിഡോൾ കേക്ക്, ഫോട്ടോ കേക്ക് എന്നിവ ഇവിടെ തയ്യാറാക്കുന്നു. ജന്മദിനം, വിവാഹവാർഷികം, ഗൃഹപ്രവേശം തുടങ്ങിയ എല്ലാ ആഘോഷങ്ങൾക്കും മുൻകൂട്ടിയുള്ള ഓർഡർ അനുസരിച്ച് കേക്കുകൾ തയ്യാറാക്കി നൽകുന്നു.

ഫോൺ: ഫേവറിറ്റ് കേക്ക്സ് 8547905576, 8075892911 Advt-

ഈ ലോകം.. ഇവിടെ ചില മനുഷ്യർ — വാമനപുരം മണി



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala